LIBRARY ARCHIVES Kerala Legislative Assembly

പോലീസിന്റെ അന്തർജില്ലാ സ്ഥലംമാറ്റം

31 (1500) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പോലീസിന്റെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ മുൻകാല പ്രാബല്യത്തിൽ പരിഗണിക്കുവാൻ നിർദ്ദേശിച്ചതുമൂലം ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

പോലീസുകാരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് നിലവിലുള്ള സ്ഥിതിക്ക് മാറ്റമൊന്നും നിർദ്ദേശിച്ചിട്ടില്ല.

അന്തർ ജില്ലാ സ്ഥലംമാറ്റം

32 (1501) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സിവിൽ പോലീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി ഡി. ജി. പി.യുടെ 1-1-2011-ലെ 1/2011-ാം നമ്പർ സർക്കുലർ പ്രകാരം 31-3-2010 വരെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിച്ച ജില്ലാ സായുധ റിസർവ്വിൽ ഉള്ളവരെ മാത്രമാണ് നിലവിലുള്ള വ്യവസ്ഥയിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എല്ലാ വർഷവും ഡിസംബർവരെ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അപേക്ഷിക്കുവാൻ സാധിക്കുന്നതിനാൽ നിലവിലെ ലിസ്റ്റിലുള്ള വരോളം തന്നെ സർവ്വീസുള്ള നിരവധിപേർ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് 31-3-2010-നുശേഷം അപേക്ഷിച്ചിട്ടുള്ളതിനാൽ പ്രസ്തുത അപേക്ഷകൾകൂടി പരിഗണിച്ച് അർഹതപ്പെട്ട സീനിയോറിറ്റി നൽകി പുതിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 10-12-2010 തീയതിയിലെ സ.ഉ.(പി) 268/2010/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥയിൽ കൂടുതലായി ഒന്നും തന്നെ 1/2011 നമ്പർ സർക്കുലറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാകുന്നു. ടി വ്യവസ്ഥ പ്രകാരം നിലവിലുള്ള നിയമപ്രകാരം 31-3-2010 വരെ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടുള്ളവർക്ക് ഇന്റഗ്രേഷൻ ഇല്ലായിരുന്നുവെങ്കിൽ, അവർക്ക് അത്തരം ട്രാൻസ്ഫർ കിട്ടുമായിരുന്ന തീയതിയിൽ അന്തർ ജില്ലാ ട്രാൻസ്ഫർ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ഇവരുടെ അന്തർ ജില്ലാ